പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1441 — 13/07/2016 ൽ മറുപടിക്ക്

## നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെടുമങ്ങാട് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ന് മുതൽക്കാണ് അപ്ഗ്രഡേഷൻ പ്രാബല്യത്തിൽ വന്നതെന്നും അറിയിക്കുമോ; | (എ) | 17/05/2013 -ലെ ജി.ഒ.(എം.എസ്) 175/2013/ആകുവ എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. ടി തീയതി മുതൽ അപ്ഗ്രഡേഷൻ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | താലൂക്ക് ആശുപത്രിയായിരുന്ന കാലഘട്ടത്തിൽ പ്രസ്തുത ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (ബി) | അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (സി) | ജില്ലാ ആശുപത്രിയായി ഉയർത്തിയശേഷമുള്ള സ്റ്റാഫ് പാറ്റേൺ തസ്തിക തിരിച്ച് വിശദമാക്കുമോ; | (സി) | അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാ ക്കുമോ; | (ഡി) | 02/08/1961-ലെ ജി.ഒ.(സാധാ) നം. 3150/61/ഹെൽത്ത്, 06/11/2008 -ലെ ജി.ഒ.(എം.എസ്) 568/08/ആകുവ എന്നീ ഉത്തരവുകൾ പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. പകർപ്പ് അനുബന്ധം-III ആയി ചേർത്തിരിക്കുന്നു |
| (ഇ) | ജില്ലാ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങളെ സംബന്ധിച്ചും ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ചും വിശദമാക്കുമോ? | (ഇ) | ജില്ലാ ആശുപത്രികളിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, കുടുംബക്ഷേമ സേവനങ്ങൾ, ശിശുരോഗ വിഭാഗം, അനസ്തേഷ്യ, നേത്രവിഭാഗം, ത്വക്ക് രോഗം, ഫിസിക്കൽ മെഡിസിൻ, ഇ.എൻ.ടി, ഓർത്തോ, സൈക്യാട്രി, ദന്തരോഗം തുടങ്ങിയ വകുപ്പുകൾ പ്രവർത്തിച്ചുവരുന്നു. ബ്ലഡ് ബാങ്ക്, |

| | | | |
|---|---|---|---|
| | | | നാഷണൽ ഹെൽത്ത് പ്രോഗ്രാമിന്റെ സേവനങ്ങൾ, ഇമ്മ്യൂണൈസേഷൻ സേവനങ്ങൾ എന്നിവയും രോഗനിർണ്ണയ സംവിധാനങ്ങളുടെ ഭാഗമായി എക്സ്റേ, അൾട്രാ സൗണ്ട്, ഇ.സി.ജി, ലബോറട്ടറി സൗകര്യങ്ങൾ എന്നിവയും, പലയിടങ്ങളിലും സി.ടി.സ്കാൻ സേവനവും ലഭ്യമാക്കി വരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി ഒ.പി. ബിൽഡിംഗ്, മെയിൽ മെഡിക്കൽ സർജിക്കൽ വാർഡ്, ഫീമെയിൽ മെഡിക്കൽ സർജിക്കൽ വാർഡ്, മെറ്റേണിറ്റി വാർഡ്, പീഡിയാട്രിക് വാർഡ്, മോർച്ചറി കെട്ടിടം, ബ്ലഡ് ബാങ്ക്, ആംബുലൻസ് സൗകര്യം തുടങ്ങിയ ഭൗതിക സാഹചര്യങ്ങളോടെയാണ് ആശുപത്രികൾ പ്രവർത്തിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**